# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4045 24.06.2019-ൽ മറുപടിയ്ക്ക്

### ആറന്മുളയിലെ പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖേന ആറന്മുള മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രളയാനന്തര പുനരധിവാസ, നവകേരള നിർമ്മാണപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>ആറന്മുള മണ്ഡലത്തിൽ പ്രളയാനന്തര അടിയന്തിര ധനസഹായമായി 1616 പേർക്ക് 5000 രൂപ വീതം ആകെ 80,80,000/- രൂപ അനുവദിച്ചു നൽകി. പ്രളയാനന്തരം ഭൂമി നഷ്ടപ്പെട്ട 1 വ്യക്തിയ്ക്ക് ഭൂമി വാങ്ങുന്നതിനായി 3.45 ലക്ഷം രൂപ നൽകി. പ്രളയാനന്തരം ആറന്മുള മണ്ഡലത്തിൽ 10 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ആറന്മുള മണ്ഡലത്തിലെ ആറന്മുള പഞ്ചായത്തിലെ പേരങ്ങാട്ട് മെയ്ക്കുന്ന് കോളനി, മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ പന്നിവേലിച്ചിറ പട്ടികജാതി കോളനി എന്നിവ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. പേരങ്ങാട്ട് മെയ്ക്കുന്ന് പട്ടികജാതി കോളനിയ്ക്ക് 82,16,794/- രൂപയുടെ എസ്റ്റിമേറ്റും പന്നിവേലിച്ചിറ പട്ടികജാതി കോളനിയ്ക്ക് 76,20,788/-രൂപയുടെ എസ്റ്റിമേറ്റും അംഗീകരിച്ച് ഉത്തരവാകുകയും പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആറന്മുള പഞ്ചായത്തിലെ എഴിക്കാട് പട്ടികജാതി കോളനി അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ (2016-17) ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ കോളനിയിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ നഴ്സറി സ്കൂളിന് 25,00,000/-രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പത്തനംതിട്ട ജില്ലയിൽ ആറന്മുള മണ്ഡലത്തിൽ കാലവർഷക്കെടുതിയുടെ ദുരിതം, നേരിട്ട 20 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10,000/-രൂപ വീതം ആകെ 2,00,000/- |

| | | | |
|---|---|---|---|
| | | | രൂപ അടിയന്തിര ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ വീട് നഷ്ടപ്പെട്ട 2 ഗുണഭോക്താക്കൾക്ക് പുതിയ ഭവന നിർമ്മാണത്തിനായി 4,40,100/-രൂപയും ഭവനം ഭാഗികമായി നഷ്ടപ്പെട്ട 5 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി 1,80,000/- രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പഠനമുറി പദ്ധതി പ്രകാരം ആറന്മുളയിലെ എത്ര വീടുകളിൽ പഠനമുറികൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ? | (ബി) | ആറന്മുള മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് പഠനമുറി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ;<br>1. കുളനട - 21<br>2. മെഴുവേലി - 18<br>3. ആറന്മുള - 19<br>4. ഇരവിപേരൂർ - 27<br>5. തോട്ടപ്പുഴശ്ശേരരി - 9<br>6. കോയിപ്രം - 9<br>7. ചെന്നീർക്കര- 15<br>8. നാരങ്ങാനം - 16<br>9. പത്തനംതിട്ട മുനിസിപ്പാലിറ്റി - 19<br>10. കോഴഞ്ചേരി - 8<br>11. ഓമല്ലൂർ - 14<br>12. ഇലന്തൂർ - 9<br>13. മുല്ലപ്പുഴശ്ശേരി - 9<br><br>ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസ് മുഖേന പഠനമുറി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം;<br>1. കോയിപ്രം - 5<br>2. കോഴഞ്ചേരി- 6<br>3. ഇരവിപേരൂർ - 2<br>4. തുമ്പമൺ - 1<br>5. ഓമല്ലൂർ - 1<br>6. മെഴുവേലി - 1<br>7. കുളനട- 1 |

**സെക്ഷൻ ഓഫീസർ**